# ഭാഷയിലെ പ്രയോഗഭേദങ്ങളും ചില തെറ്റിദ്ധാരണകളും

**ഡോ. എൽ. അലക്സ്**
അസി. പ്രൊഫസർ, ഗവണ്മെന്റ് കോളേജ്, നെടുമങ്ങാട്.

ആശയലോകത്തിന്റെ പ്രതീകാത്മകരൂപമാണ് ഭാഷ. ഓരോ ഭാഷാസമൂഹവും തങ്ങളുടെ ആശയപ്രപഞ്ചത്തെ ഉച്ചരിതശബ്ദങ്ങളുടെ സവിശേഷരൂപഘടനയിലൂടെ പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്. മലയാളിയുടെ ആശയലോകമാണ് മലയാളത്തിലൂടെ പ്രകാശിക്കുന്നത്. (എങ്കിലും ഭാഷയുടെ മുഖ്യധർമ്മമായ ആശയപ്രകാശനം പൂർണ്ണമായും ഫലവത്താക്കാൻ മനുഷ്യഭാഷകൾക്കൊന്നും കഴിവില്ല എന്നതാണ് സത്യം. ആ അർത്ഥത്തിൽ ഭാഷ അപൂർണ്ണമാണ്. ആശയങ്ങളെ തനതായ രീതിയിൽ ശക്തമായി ആവിഷ്കരിക്കാൻ ഭാഷ പലപ്പോഴും അശക്തമാണ്). ഓരോ ഭാഷയും ആശയപ്രപഞ്ചത്തെ ഭാഷയിലേക്ക് പരാവർത്തനം ചെയ്യുന്നത് ഓരോ വിധത്തിലാണ്. ഈ സവിശേഷതയാണ് ഓരോ ഭാഷയുടെയും പ്രയോഗഘടനയെ അഥവാ വ്യാകരണത്തെ വ്യത്യസ്തമാക്കുന്നത്.

ഒരു ഭാഷയുടെ സ്വത്വത്തെ നിർണ്ണയിക്കുന്നതിൽ ആ ഭാഷയുടെ തനതായ പ്രയോഗസവിശേഷതകൾക്ക് നിർണ്ണായകമായ പങ്കുണ്ട്. മലയാളഭാഷയ്ക്കുമുണ്ട് അത്തരം മൗലികങ്ങളായ അനേകം പ്രയോഗവിശേഷങ്ങൾ. അവയിൽ കാലാകാലങ്ങളായി തെറ്റിദ്ധരിക്കപ്പെട്ടതോ തെറ്റായി വ്യാഖ്യാനിക്കപ്പെട്ടതോ ആയ ചില സവിശേഷപ്രയോഗങ്ങളും ഉൾപ്പെടുന്നു. അക്കൂട്ടത്തിൽ എടുത്തു പറയേണ്ടതാണ് ഭാഷയിലെ കാരകാർത്ഥപ്രയോഗങ്ങൾ.

ഒരു വാക്യത്തിലെ ഘടകപദങ്ങളുടെ പരസ്പരബന്ധമാണ് ആ വാക്യത്തിന്റെ അർത്ഥത്തെ നിർണ്ണയിക്കുന്നത്. ഓരോ പദത്തിന്റെയും കോശാർത്ഥത്തിനപ്പുറത്തുള്ള പ്രകരണാർത്ഥത്തെ നിർണ്ണയിക്കുന്നതും ഈ

ബന്ധമാണ്. ഇത്തരത്തിൽ, ഒരു പദത്തിന്റെ അർത്ഥപൂർണ്ണതയ്ക്ക് മറ്റു പദങ്ങളുടെ അപേക്ഷ വരുന്നതിനെയാണ് വ്യാകരണത്തിൽ 'ആകാംക്ഷ' എന്നു പറയുന്നത്. ഒരു ക്രിയയുടെ ആകാംക്ഷയെ പൂരിപ്പിക്കുന്നത് ക്രിയക്ക് ആ വാക്യത്തിനുള്ളിലെ നാമങ്ങളുമായുള്ള വ്യത്യസ്തബന്ധങ്ങളാണ്. ഇങ്ങനെ ഒരു വാക്യത്തിനുള്ളിലെ നാമങ്ങൾക്കു ക്രിയയോടുള്ള ബന്ധമാണ് 'കാരകം'. ഒരു ക്രിയയെ സംബന്ധിച്ചിടത്തോളം അതു നടക്കുക എന്നതാണ് (അതിന്റെ വ്യാപാരമാണ്) പ്രധാനം. അതിനുശേഷമേ അത് എപ്പോൾ /എവിടെ വെച്ച് /എന്തിനു വേണ്ടി / ആർക്കു വേണ്ടി /എത്ര മാത്രം /എന്തു കാരണത്താൽ നടന്നു? എന്നിങ്ങനെയുള്ള അർത്ഥതലങ്ങൾക്കു പ്രസക്തിവരുന്നുള്ളൂ. അതുകൊണ്ടാണ് ഒരു വാക്യത്തിൽ പ്രയുക്തമായ നാമങ്ങളിൽ ക്രിയാവ്യാപാരാശ്രയമായ കർത്താവും കാരകങ്ങളിൽ കർത്തൃകാരകവും പ്രധാനമായി വരുന്നത്. ഇത്തരത്തിൽ കർത്താവ്/കർത്തൃ കാരകം പ്രധാനമായി വരുന്ന വാക്യമാണ് കർത്തരിപ്രയോഗം. സാധാരണ നിലയിൽ എല്ലാ വാക്യങ്ങളും കർത്തരിപ്രയോഗങ്ങളാണ്.

ഏ. ആർ. രാജരാജവർമ്മ 'കേരളപാണിനീയ'ത്തിലെ പ്രയോഗപ്രകരണത്തിൽ വാക്യങ്ങളിലെ കാരകപ്രധാന്യത്തെക്കുറിച്ച് എടുത്തുപറയുന്നുണ്ട്. 'അനേകം ഗുണങ്ങളുള്ളവനായ ഒരുവനെ നാം സുന്ദരൻ, നെട്ടൻ, മിടുക്കൻ എന്നു വ്യവഹരിക്കുമ്പോൾ അവനിലുള്ള മറ്റുഗുണങ്ങളെ ഗൗനിക്കാതെ പ്രകൃതഗുണങ്ങൾക്കുമാത്രം പ്രാധാന്യം കല്പിക്കുന്നതുപോലെ ക്രിയയെ പ്രയോഗിക്കുമ്പോൾ അതിന്റെ ആശ്രയങ്ങളായ കാരകങ്ങളിൽ ഒന്നിനുമാത്രം ഇതരാപേക്ഷയാ പ്രാധാന്യം വിവക്ഷിക്കപ്പെടുന്നു. കാരകങ്ങളിലൊക്കെയുംവെച്ച് പ്രധാനി കർത്താവാകയാൽ ആ കാരകമാണ് പ്രായേണ മുന്നിട്ടു വരുന്നത്.'

കർത്തൃകാരകത്തെപ്പോലെതന്നെ ഏതൊരു കാരകത്തിനും പ്രാധാന്യം വരത്തക്കവിധത്തിൽ വാക്യം പ്രയോഗിക്കാവുന്നതാണ്. ഏ.ആർ. ഈ വസ്തുത സൂചിപ്പിക്കുകയും ചില ഉദാഹരണങ്ങൾ നൽകുകയും ചെയ്യുന്നു.

| | |
|---|---|
| കുതിര ഓടുന്നു | (കർത്തൃകാരകപ്രധാനം) |
| ശാകുന്തളം കാളിദാസനാൽ നിർമ്മിക്കപ്പെട്ടു | (കർമ്മകാരകപ്രധാനം) |
| ഈ പേന നല്ലവണ്ണം എഴുതും | (കരണകാരകപ്രധാനം) |
| ഉരുളി ഇടങ്ങഴി അരിവെക്കും | (അധികരണകാരകപ്രധാനം) |

'അഭിനവമലയാളവ്യാകരണ'ത്തിൽ സി. വി. വാസുദേവഭട്ടതിരിയും മലയാളത്തിൽ ഏതു കാരകത്തിനും പ്രാധാന്യം നൽകിയുള്ള പ്രയോഗമുണ്ട്

എന്ന് അഭിപ്രായപ്പെടുന്നുണ്ട്. ചില ഉദാഹരണങ്ങളും അദ്ദേഹം നൽകുന്നു.

രാമൻ കുളിക്കുന്നു. (കർത്തൃകാരക പ്രധാനം)

ശാകുന്തളം കാളിദാസൻ ഉണ്ടാക്കിയതാണ്. (കർമ്മകാരക പ്രധാനം)

ഞാൻ കടം കൊടുത്തയാൾ ഇതാ വരുന്നു. (സ്വാമികാരക പ്രധാനം)

കരണ, അധികരണ കാരക പ്രാധാന്യത്തിന് ഏ. ആർ. നൽകിയ ഉദാഹരണങ്ങൾ തന്നെ സി.വി. യും ആവർത്തിക്കുന്നു.

കർത്താവ് കാരകമായി വരുന്ന ക്രിയയെ കർത്താവിൽ പ്രയോഗിക്കുന്ന ക്രിയ അഥവാ കർത്തരിക്രിയ എന്നും കർമ്മം കാരകമായി വരുന്ന ക്രിയയെ കർമ്മത്തിൽ പ്രയോഗിക്കുന്ന ക്രിയ അഥവാ കർമ്മണിക്രിയ എന്നും പറയുന്നു. ഏതു കാരകത്തിനു പ്രാധാന്യമോ ആ കാരകത്തിൽ ക്രിയയ്ക്കു പ്രയോഗം എന്ന് വൈയാകരണന്മാർ വിവക്ഷിക്കുന്നു. കർത്തൃകാരകത്തിൽ ക്രിയ പ്രയോഗിക്കുന്നത് കർത്തരിപ്രയോഗം. കർമ്മകാരകത്തിൽ ക്രിയ പ്രയോഗിക്കുന്നത് കർമ്മണിപ്രയോഗം. കൂടാതെ, കരണകാരകത്തിനു പ്രാധാന്യം വരത്തക്ക രീതിയിലുള്ള പ്രയോഗം എന്ന അർത്ഥത്തിൽ കരണേപ്രയോഗം എന്നൊന്നുകൂടി ഏ. ആർ. നിർദ്ദേശിക്കുന്നുണ്ട്. ഇത്തരത്തിൽ കാരകമുള്ളിടത്തോളം പ്രയോഗവും വരാമെങ്കിലും സാധാരണമായി കർത്തരിപ്രയോഗത്തെയും കർമ്മണിപ്രയോഗത്തെയും മാത്രമേ വൈയാകരണന്മാർ സ്വീകരിച്ചിട്ടുള്ളൂ. ഈ രണ്ടു പ്രയോഗങ്ങൾക്കും മാത്രമേ ക്രിയയിൽ രൂപഭേദം വരുന്നുള്ളൂ എന്നതാണ് അതിന് അവർ നൽകുന്ന കാരണം. 'കർമ്മണിപ്രയോഗത്തിൽ മാത്രമേ ധാതുവിന് രൂപഭേദം വരുന്നുള്ളൂ' എന്ന് ഏ. ആറും അഭിപ്രായപ്പെടുന്നുണ്ട്.

മലയാളത്തിലെ കർമ്മണിപ്രയോഗത്തിന്റെ സവിശേഷതകളെക്കുറിച്ച് കേരളപാണിനി ആദ്യം പറയുന്നത് കാരകപ്രകരണത്തിലാണ്. അദ്ദേഹം പറയുന്നു: 'ഭാഷയ്ക്കു സ്വന്തമായി കർമ്മണിപ്രയോഗമില്ല. ഇപ്പോൾ ഉപയോഗിച്ചു വരുന്നത് സംസ്കൃതത്തിന്റെ ശരിത്തർജ്ജിമയ്ക്കു വേണ്ടി ഇടക്കാലത്തിൽ കൃത്രിമമായി ഏർപ്പെടുത്തിയ ഒരു സമ്പ്രദായമാകുന്നു. ഇതിലേക്കു ലക്ഷ്യം ഒന്നാമത്, സംസ്കൃതാനഭിജ്ഞന്മാർ കർമ്മണിപ്രയോഗത്തെ ഒരിക്കലും ആദരിക്കുന്നില്ല. സംസാരിക്കുന്ന ഭാഷയിൽ കർത്തരിപ്രയോഗമേ കേൾക്കുമാറുള്ളൂ. പ്രാചീനഗ്രന്ഥങ്ങളിൽ എന്നു മാത്രമല്ല, എഴുത്തച്ഛൻ മുതൽപേരുടെ കൃതികളിലും സംസ്കൃതബന്ധമില്ലാത്തിടത്ത് കർമ്മണി പ്രയോഗം ഇല്ലെന്നുതന്നെ എന്റെ അനുഭവം. 'രഘുവംശം കാളിദാസനാൽ ഉണ്ടാക്കപ്പെട്ടതാണ്' എന്നതിനു

പകരം 'രഘുവംശം കാളിദാസൻ ഉണ്ടാക്കിയതാണ്' എന്നു പറഞ്ഞാൽ ഒട്ടും പോരായ്കയില്ലെന്നു മാത്രമല്ല, ഈ രീതി തന്നെയാണ് ഭാഷയ്ക്ക് സ്വതഃസിദ്ധമായിട്ടുള്ളത് എന്നും കൂടി തോന്നുന്നു. രണ്ടാമത്, സംസ്കൃതാദികളെപ്പോലെ ഭാഷയിൽ ഒരു ധാതുവിനെ കർമ്മണി പ്രയോഗത്തിൽ ആക്കുന്നതിന് ചില പ്രത്യയഭേദങ്ങളോ രൂപനിയമങ്ങളോ ഇല്ല. 'പെടുക'യെ ചേർക്കുക എന്നുള്ളത് ഭാഷയിൽ നാമങ്ങളിൽ നിന്നും ക്രിയയെ ഉണ്ടാക്കുന്നതിനുള്ള ഒരു ഉപായമെന്നേയുള്ളൂ. അകപ്പെടുക, വെളിപ്പെടുക, ഉൾപ്പെടുക, തീർച്ചപ്പെടുക, പണിപ്പെടുക മുതലായ ധാതുക്കൾ ഇതിലേക്കു ദൃഷ്ടാന്തങ്ങളാകുന്നു. അതിനാൽ 'കിരാതേന മൃഗോ ഹന്യതേ' എന്നതിനു ശരിയായ 'കിരാതനാൽ മൃഗം കൊല്ലപ്പെടുന്നു' എന്നുള്ള ഭാഷാപ്രയോഗത്തിൽനിന്നു വാസ്തവത്തിൽ ജനിക്കുന്ന ബോധം ഇപ്രകാരമാണ് കിരാതനാൽ (കിരാതൻ ഹേതുവായിട്ട്) മൃഗം (കർത്താവ്) കൊല്ലപ്പെടുന്നു (കൊല്ലലിനെ പെടുന്നു = സഹിക്കുന്നു). 'അകപ്പെടുക' എന്നതിന് അകത്തുപെടുക എന്നും 'പിടിപ്പെടുക' എന്നതിന് പിടിയിൽ പെടുക എന്നും അർത്ഥം വരുന്നതുപോലെ 'പറയപ്പെടുക' എന്നതിനു പറകയിൽ (പറച്ചിലിൽ) പെടുക എന്നേ അർത്ഥമുള്ളൂ. ഈ വിധം ശാസ്ത്രീയമായി നിഷ്കർഷത്തോടുകൂടി ആലോചിച്ചാൽ ഭാഷയ്ക്കു കർമ്മണിപ്രയോഗം അകൃത്രിമമായ വിധത്തിലില്ലെന്ന് എളുപ്പത്തിൽ ബോധ്യപ്പെടുന്നതാകുന്നു. വാസ്തവത്തിൽ അതുകൊണ്ട് 'എന്റെ വാക്കാൽ അവൻ ഭയപ്പെട്ടു' എന്ന അകർമ്മകവാക്യത്തിൽ 'വാക്കാൽ' എന്നു ഹേതുവർത്ഥത്തിൽ പ്രയോജിക വരുന്നപോലെതന്നെ, 'എന്നാൽ ഈ വാക്കു ചൊല്ലപ്പെട്ടു' (ഞാൻ നിമിത്തം ഈ വാക്കു ചൊല്ലലിൽപ്പെട്ടു-പതിച്ചു) എന്ന സകർമ്മക വാക്യത്തിലും വരുന്നുവെന്നു സ്പഷ്ടമാകുന്നു.'

ധാത്വധികാരത്തിലെ പ്രയോഗപ്രകരണത്തിൽ ഏ. ആർ. ഇങ്ങനെ തുടരുന്നു. 'എങ്കിലും രൂപവ്യവസ്ഥ ചെയ്യുന്നതിൽ കർത്തരിപ്രയോഗം, കർമ്മണിപ്രയോഗം എന്നു രണ്ടു വിധങ്ങളെ സ്വീകരിച്ചേതീരൂ.' തുടർന്ന് കർമ്മണി പ്രയോഗിക്കുന്നതിനുള്ള മാർഗ്ഗവും കേരളപാണിനി നിർദ്ദേശിക്കുന്നു.

അകാരമാത്രകനടു-
വിനയച്ചത്തിനപ്പുറം
പ്രയോഗിപ്പൂ പെടുക-യെ
അതു കർമ്മണി രൂപമാം (കാരിക-119)

'അ' എന്ന പ്രത്യയം ചേർന്നുണ്ടാകുന്ന നടുവിനയെച്ച രൂപത്തിൽ 'പെട്' എന്ന ധാതുവിനെ അനുപ്രയോഗിച്ച് കർമ്മണി

പ്രയോഗത്തെസ്സൃഷ്ടിക്കാം എന്നത്രേ ഏ. ആറിന്റെ അഭിപ്രായം.

ഉദാ: പറ - പറയപ്പെടുന്നു, പറയപ്പെട്ടു, പറയപ്പെടണം
കാൺ - കാണപ്പെടുന്നു.
ചെയ് - ചെയ്യപ്പെടുന്നു.
ഇട് - ഇടപ്പെടുന്നു.

കർമ്മണിപ്രയോഗം ഭാഷാശൈലിക്കു ചേർന്നതല്ല, അതിനാൽ വൈചിത്ര്യത്തിനും സന്ദേഹനിവാരണത്തിനുംമറ്റും മാത്രമേ ഉപയോഗിക്കാവൂ എന്നും ഏ. ആർ. ഓർമ്മിപ്പിക്കുന്നുണ്ട്. ഈ വസ്തുതയെ 'സാഹിത്യസാഹ്യ'ത്തിൽ ഉദാഹരണങ്ങൾ നൽകി അദ്ദേഹം വിശദീകരിക്കുന്നുണ്ട്:

'ഈശ്വരൻ ചെയ്യുന്നതെല്ലാം സഹിക്കയേ ഉള്ളൂ'
എന്നു പറയാതെ
'ഈശ്വരനാൽ ചെയ്യപ്പെടുന്നതെല്ലാം സഹിക്കപ്പെടുകയേ ഉള്ളൂ'

എന്നു പ്രയോഗിച്ചാൽ അതു മലയാളമല്ലെന്നുതന്നെ പറയേണ്ടിവരും. സംസ്കൃത-ഇംഗ്ലീഷ് ഭാഷകളിൽനിന്നു വ്യത്യസ്തമായി മലയാളത്തിൽ പേരെച്ച ശ്രൂപത്തിന് കർത്തരിയും കർമ്മണിയും ഒന്നുപോലെ പ്രയോഗിക്കാമെന്നിരിക്കെ ആ ഭാഷകളെ അനുകരിച്ച് 'കാളിദാസനാൽ ഉണ്ടാക്കപ്പെട്ടത്' എന്നും മറ്റും വളച്ചുകെട്ടേണ്ടതില്ല എന്നും കർമ്മവിഭക്തിപ്രയോഗത്തെപ്പറ്റി പറഞ്ഞതുപോലെ കർമ്മണിപ്രയോഗവും ശുദ്ധ ദ്രാവിഡങ്ങളായ ശ്രൂപങ്ങളിലാണ് അധികം വർജ്ജിക്കേണ്ടത് എന്നും ഏ. ആർ. തുടർന്നഭിപ്രായപ്പെടുന്നു.

> 'കാളിദാസൻ ഉണ്ടാക്കിയതും മല്ലീനാഥൻ വ്യാഖ്യാനിച്ചതും നിർണ്ണയ സാഗരം അച്ചുകൂടത്തിൽ അച്ചടിച്ചതുമായ 'മേഘസന്ദേശം' ഈയാണ്ട് ബി.എ. പരീക്ഷയ്ക്ക് ടെക്സ്റ്റായി വെച്ചിരിക്കുന്നു.'

എന്നതിനു പകരം

> 'കാളിദാസനാൽ നിർമ്മിക്കപ്പെട്ടതും മല്ലീനാഥനാൽ വ്യാഖ്യാനിക്കപ്പെട്ടതും നിർണ്ണയസാഗര മുദ്രാലയത്തിൽ മുദ്രണം ചെയ്യപ്പെട്ടതും ആയ മേഘസന്ദേശം ഈയാണ്ട് ബി.എ. പരീക്ഷയ്ക്ക് ടെക്സ്റ്റായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു'

എന്നു പ്രയോഗിക്കുന്നതു കൊണ്ട് വലിയ അഭംഗിയില്ല എന്നും ഏ. ആർ. സാഹിത്യസാഹ്യത്തിൽ അഭിപ്രായപ്പെടുന്നു.

കർമ്മണിപ്രയോഗത്തെ സംബന്ധിച്ചുള്ള കേരളപാണിനിയുടെ അഭിപ്രായങ്ങൾ പിൽക്കാല വൈയാകരണന്മാരിൽ പലരും അതേപടി അംഗീകരിക്കുന്നില്ല. സി.കെ. ചന്ദ്രശേഖരൻ നായരാണ് അവരിൽ പ്രമുഖൻ. അദ്ദേഹം 'പഠനങ്ങൾ' എന്ന ഗ്രന്ഥത്തിൽ ഏ. ആറിന്റെ പല അഭിപ്രായങ്ങളെയും സയുക്തികമായി ഖണ്ഡിക്കുന്നുണ്ട്.

'ഭാഷയ്ക്കു സ്വന്തമായി കർമ്മണിപ്രയോഗമില്ല, അതു സംസ്കൃതത്തിന്റെ ശരിത്തർജ്ജമയ്ക്കുവേണ്ടി ഇടക്കാലത്തു കൃത്രിമമായി ഏർപ്പെടുത്തിയ ഒരു സമ്പ്രദായമാണ്" എന്ന ഏ. ആറിന്റെ നിരീക്ഷണത്തിനെതിരായി കർമ്മണിപ്രയോഗം പരമ്പരാസിദ്ധമാണെന്നും അകൃത്രിമമാണെന്നും സി.കെ. ചന്ദ്രശേഖരൻ നായർ അഭിപ്രായപ്പെടുന്നു. അദ്ദേഹത്തിന്റെ പക്ഷത്തിൽ 'പെടുക'യെച്ചേർത്ത് കർമ്മണിയുണ്ടാക്കുന്ന സമ്പ്രദായം ഇടക്കാലത്തു തുടങ്ങിയതല്ല. കന്നടം, തമിഴ്, തെലുങ്ക് എന്നീ ഭാഷകളിലും ഈ രീതി കാണുന്നുണ്ട്.

ഉദാ: 1. കൊല്ലപ്പെട്ടു (മലയാളം)
2. കൊല്ലൽപട്ടിതു (കന്നടം) - കൊല്ലപ്പെട്ടു
3. കൊല്ലപ്പട്ടദു (തമിഴ്) - കൊല്ലപ്പെട്ടു
4. വ്രായബഡുനു (തെലുങ്ക്) - എഴുതപ്പെട്ടും

കന്നടത്തിലെയും തമിഴിലെയും 'പട്ട'വും തെലുങ്കിലെ 'ബഡു'വും മലയാളത്തിലെ 'പെട്ടു'വിനോട് സദൃശമാണ്. പ്രസ്തുതഭാഷകൾ മൂലദ്രാവിഡ കുടുംബത്തിൽനിന്ന് വേർതിരിയുന്നതിനു മുമ്പുതന്നെ ഈ പ്രയോഗരീതി പ്രചാരത്തിലായിരുന്നുവെന്നല്ലേ ഈസാദൃശ്യം തെളിയിക്കുന്നത്?

'സമാനമായ രൂപനിർമ്മാണപ്രക്രിയകളോടെ ദ്രാവിഡഭാഷകളിൽ പൊതുവിൽ നിലകൊള്ളുന്നതും പ്രാചീനത്വം അവകാശപ്പെടുന്നതും ശരിയായ അർത്ഥത്തിൽ ആശയംപ്രകടിപ്പിക്കുന്നതുമായ ഈ കർമ്മണിപ്രയോഗത്തെ കൃത്രിമമെന്നു പറഞ്ഞ് അധിക്ഷേപിക്കുവാൻ കേരളപാണിനി മുതിർന്നത് എന്തുകൊണ്ടാണ്?' എന്ന ചോദ്യവും അദ്ദേഹം ഉന്നയിക്കുന്നു. അദ്ദേഹം തുടരുന്നു: 'കർമ്മണിപ്രയോഗം മലയാളത്തിൽ സാഹിത്യസൃഷ്ടി തുടങ്ങിയ കാലം മുതല്ക്കേ ഉണ്ടെന്ന് സമ്മതിക്കണമല്ലോ. സംസ്കൃതത്തിന്റെ ശരിത്തർജ്ജമയ്ക്കുവേണ്ടി കൃത്രിമമായി സൃഷ്ടിച്ചതാണെന്ന അഭിപ്രായത്തിനു പ്രാചീന ഗദ്യഗ്രന്ഥങ്ങളെ പരിഗണിക്കുമ്പോൾ മുൻതൂക്കം കണ്ടേക്കാം. എന്നാൽ, നിരണം കവികൾ തുടങ്ങിയ ശരിത്തർജ്ജമക്കാർ എന്തുകൊണ്ടു സ്വീകരിച്ചില്ല എന്നചോദ്യം ആ യുക്തിയെ തകർക്കാൻ പര്യാപ്തമാണ്.'

പ്രാചീനമലയാളത്തിൽ 'പെടുക'യെച്ചേർത്തു കർമ്മണി പ്രയോഗി ച്ചിട്ടുള്ളതിന് ചില ഉദാഹരണങ്ങളും അദ്ദേഹം നിരത്തുന്നു

1. ശത്രുഹതനായ്ത്താൻ കഴുവേറ്റപ്പെട്ടുതാൻ
കൊല്ലപ്പെട്ട പുരുഷനുടയ അസ്ഥയിൽ....... (ഭാഷാകൗടിലീയം)

2 ചോരിച്ചാറ്റാല്ലൂട്ടപ്പെട്ടും ( കോകസന്ദേശം )

3. ഒരു മുട്ടികൊണ്ടു പിടിച്ചാൽ അതിലടക്കപ്പെട്ടും നടുവ്.
(ബ്രഹ്മാണ്ഡപുരാണം ഗദ്യം)

4. ഒഴുകിന്റ കണ്ണുനീരാൽ മറയ്ക്കപ്പെട്ടിരിക്കിന്റ നയനങ്ങൾ
(ദൂതവാക്യം ഗദ്യം)

5. മഹർഷികളാൽ പൂജിച്ചു ജപിക്കപ്പെട്ട കലശങ്ങൾ
(രാമായണം തമിഴ്)

സി. കെ. ചന്ദ്രശേഖരൻനായരുടെ ഈ നിരീക്ഷണങ്ങൾ അതേപ ടി 'ശബ്ദസൗഭഗ' ത്തിൽ ഫാ. ജോൺകുന്നപ്പള്ളിയും ശരിവയ്ക്കുന്നുണ്ട്.

മലയാളത്തിലെ പ്രയോഗഭേദങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്കെല്ലാം അടിസ്ഥാനമാക്കിയിട്ടുള്ളത് സംസ്കൃതം, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളി ലെ പ്രയോഗഭേദങ്ങളെയാണ്. ആ രണ്ടു ഭാഷകളിലും ക്രിയകൾക്കുണ്ടാ കുന്ന രൂപഭേദമാണ് കർത്തരി, കർമ്മണി എന്ന് രണ്ടുതരം പ്രയോഗ ങ്ങൾക്കടിസ്ഥാനം. മലയാളത്തിലും കൊല്ലുക, കൊല്ലപ്പെടുക എന്നിങ്ങ നെ ക്രിയകൾക്കു രൂപഭേദം സംഭവിക്കുന്നു എന്നും അതിന്റെ അടിസ്ഥാ നത്തിൽ കർത്തരി, കർമ്മണി എന്ന രണ്ടുതരം പ്രയോഗങ്ങളുണ്ട് എന്നു മുള്ള നിഗമനത്തിലാണ് മലയാളത്തിലെ പ്രയോഗഭേദത്തെക്കുറിച്ചുള്ള ഏതാണ്ടെല്ലാ ചർച്ചകളും എത്തിനിൽക്കുന്നത്. അതായത് 'പെടുക' ചേർന്നു വരുന്ന രൂപത്തെ കർമ്മണിപ്രയോഗമായി ഏതാണ്ടെല്ലാവരും അംഗീകരിക്കുന്നുണ്ട്. എന്നാൽ ഏ.ആറിന്റെ കാഴ്ചപ്പാട് അല്പം വ്യത്യസ്ത മാണ്. അദ്ദേഹം 'കേരളപാണിനീയ'ത്തിലെ കാരകപ്രകരണത്തിൽ മലയാളത്തിൽ കർമ്മണിപ്രയോഗം ഇല്ല എന്നും പെടുകയെ ചേർക്കു ന്നത് നാമങ്ങളിൽ നിന്നും ക്രിയയെ സൃഷ്ടിക്കാനുള്ള ഒരു ഉപാധി എന്ന നിലയ്ക്കാണെന്നും അഭിപ്രായപ്പെടുന്നുണ്ട്. എങ്കിലും പ്രയോഗപ്രകരണ ത്തിലെത്തുമ്പോൾ അത് വിസ്മരിക്കുന്നു. അവിടെ ക്രിയയുടെ രൂപഭേ ദം മുൻനിർത്തി കർത്തരി, കർമ്മണി എന്നു രണ്ടുതരം പ്രയോഗമുണ്ട് എന്നും അകാരമാത്രക നടുവിനയെച്ചത്തിൽ 'പെടുക' ചേർത്താൽ അതു കർമ്മണിയാകും എന്നും പറയുന്നു.

വ്യത്യസ്ത അഭിപ്രായമുള്ള മറ്റൊരാൾ സി. വി. വാസുദേവഭട്ടതിരിയാണ്. അദ്ദേഹം 'അഭിനവമലയാളവ്യാകരണ'ത്തിൽ ഇങ്ങനെ അഭിപ്രായപ്പെടുന്നു: "സംസ്കൃതത്തെ അനുകരിച്ച് 'രാവണൻ രാമനാൽ കൊല്ലപ്പെട്ടു' എന്നു പറയാറുണ്ട്. അതു കർത്തരി തന്നെ. 'ഞാൻ കഷ്ടപ്പെട്ടു' എന്നപോലെയേയുള്ളൂ അത്. 'കഷ്ടത്തിൽപ്പെട്ടു' എന്നതിന് 'കഷ്ടപ്പെട്ടു' എന്നു പറയുന്നു. ഇവിടെ ക്രിയ പെടുകയോടു സമാസിക്കുന്നു. അതിന് പുതിയ പേരിന്റെ ആവശ്യമില്ല."

'പെടുക' ചേർന്നുള്ള പ്രയോഗം കർത്തരി തന്നെയാണ് എന്നുള്ളത് സി. വി. വാസുദേവഭട്ടതിരിയുടെ പുതിയ കണ്ടെത്തലല്ല. കർമ്മണി പ്രയോഗത്തിൽ കർമ്മത്തെ കർത്താവാക്കുകയാണെന്നും അതിനാൽ ഭാഷയിൽ കർത്തരി പ്രയോഗം ഒന്നേ ആവശ്യപ്പെടുന്നുള്ളൂ എന്നും ഏ.ആർ. സൂചിപ്പിക്കുന്നുണ്ട്. എങ്കിലും ഈ വസ്തുതയിൽ ഉറപ്പില്ലാത്തതുപോലെ അദ്ദേഹം 'പെടുക' പ്രയോഗത്തെ കർമ്മണിയായി വീണ്ടും അംഗീകരിക്കുകയാണുണ്ടായത്.

സി. വി. വാസുദേവഭട്ടതിരിയും 'പെടുക' പ്രയോഗം കർത്തരിതന്നെ എന്നു പറയുന്നുണ്ടെങ്കിലും തന്റെ നിലപാടിൽ ഉറച്ചു നിൽക്കുന്നില്ല. അദ്ദേഹം തുടർന്ന് മലയാളത്തിൽ കർമ്മണി കൃത്രിമ സൃഷ്ടിയാണ്. ഒരിടത്തും അതാവശ്യമില്ല. സംഭാഷണത്തിൽ അതിനു സ്ഥാനമില്ല. എന്നു പറയുകവഴി 'പെടുക' പ്രയോഗം കർമ്മണിതന്നെ എന്ന് അംഗീകരിക്കുകയാണെന്നു കാണാം.

മലയാളത്തിൽ കർമ്മണി പ്രയോഗത്തെക്കുറിച്ച് ഇന്നുവരെയുണ്ടായിട്ടുള്ള ചർച്ചകളിൽ നിന്നെല്ലാം ഉരുത്തിരിഞ്ഞു വരുന്നത് പ്രധാനമായും മൂന്നു പ്രശ്നങ്ങളാണ്:

1. മലയാളത്തിൽ 'പെടുക' ചേർന്നുള്ള പ്രയോഗം കർമ്മണിയാണോ?
2. ഭാഷയിൽകാണുന്ന 'പെടുക' പ്രയോഗങ്ങളെല്ലാം അസ്വാഭാവികങ്ങളും കൃത്രിമങ്ങളും ആണോ?
3. മലയാളത്തിൽ കർമ്മണി പ്രയോഗമുണ്ടോ?

ഒരു വാക്യത്തിൽ വരുന്ന വ്യത്യസ്ത കാരകങ്ങളിൽ ഓരോന്നിനും പ്രാധാന്യം നൽകിക്കൊണ്ട് വാക്യം പ്രയോഗിക്കാം. ഒരു വാക്യത്തിൽ ഏതു കാരകത്തിനാണോ പ്രാധാന്യം വരുന്നത് ആ കാരകത്തിന്റെ പേരിലാണ് ആ വാക്യത്തിന്റെ പ്രയോഗം എന്നുപറയാം. കർത്തൃകാരകപ്രധാനമായ വാക്യം കർത്തരിപ്രയോഗവും കർമ്മകാരകപ്രധാനമായ വാക്യം കർമ്മണിപ്രയോഗവുമാണ്.

'കാളിദാസൻ ശാകുന്തളം എഴുതി'

എന്ന വാക്യത്തിൽ 'കാളിദാസൻ' കർത്താവും 'ശാകുന്തളം' കർമ്മവും 'എഴുതി' ക്രിയയുമാണ്. എന്നാൽ,

'ശാകുന്തളം കാളിദാസനാൽ എഴുതപ്പെട്ടു'

എന്ന വാക്യത്തിൽ 'ശാകുന്തളം' കർത്താവും 'എഴുതപ്പെട്ടു' ക്രിയയും 'കാളിദാസനാൽ' പ്രയോജികാവിഭക്തിയിൽ വരുന്ന ഹേതുവർത്ഥത്തിലുള്ള നാമവുമാണ്. ഏ.ആറും സി.വി.യും നിരീക്ഷിച്ചതുപോലെ 'എഴുതപ്പെടുക' എന്ന ക്രിയയുടെ കർത്താവാണ് 'ശാകുന്തളം'. ഈ വാക്യത്തിൽ കർമ്മമേ ഇല്ല. മാത്രവുമല്ല, പെടുക എന്നത് ഭാഷയിലെ അകർമ്മകക്രിയയുമാണ്. ഇത്തരത്തിൽ കർമ്മമേ ഇല്ലാത്ത വാക്യത്തെയാണ് കർമ്മണി പ്രയോഗം എന്നു പറഞ്ഞുവരുന്നത്. എന്താണ് ഇതിനു പിന്നിലുള്ള പ്രേരണ എന്നു നോക്കാം.

'കാളിദാസൻ ശാകുന്തളം എഴുതി'

—എന്ന മൂലവാക്യത്തെ അടിസ്ഥാനമാക്കി

'ശാകുന്തളം കാളിദാസനാൽ എഴുതപ്പെട്ടു'

—എന്ന വാക്യം വിലയിരുത്തുന്നതാണ് ഇതു കർമ്മണിപ്രയോഗമാണ് എന്നു പറയാനുള്ള പ്രേരണ. ആദ്യവാക്യത്തിലെ കർമ്മം രണ്ടാം വാക്യത്തിൽ കർത്തൃസ്ഥാനത്തു വരുന്നു. ഒന്നാംവാക്യത്തിൽ കിട്ടാത്ത കർമ്മപ്രാധാന്യം രണ്ടാംവാക്യത്തിൽ കിട്ടുന്നു എന്നതുകൊണ്ടാണ് രണ്ടാംവാക്യം കർമ്മണിപ്രയോഗമാണെന്നു തോന്നുന്നത്. എന്നാൽ രണ്ടാംവാക്യത്തെ കേവലമായി പരിശോധിക്കുമ്പോൾ, അതിന്റെ ഘടനയനുസരിച്ച് ആ വാക്യത്തിൽ ഒരു കർമ്മപദമേ ഇല്ല. അതുകൊണ്ടു തന്നെ അത് കർമ്മണിപ്രയോഗവുമല്ല.

യഥാർത്ഥത്തിൽ വളരെ സ്വാഭാവികവും വിചിത്രവുമായ പ്രയോഗസവിശേഷതയുള്ളതാണ് മലയാളത്തിലെ 'പെടുക' എന്ന ക്രിയ. ഇതിന്റെ പ്രധാനപ്പെട്ട പ്രയോഗങ്ങളെന്തൊക്കെയാണ് എന്നുനോക്കാം:

1. സാധാരണ ക്രിയ എന്ന നിലയിൽ
   'അവൻ ആപത്തിൽപ്പെട്ടു'—എന്ന വാക്യത്തിൽ 'പെട്ടു' സ്വാഭാവിക ക്രിയയാണ്.
2. അനുപ്രയോഗമായി

മലയാളഭാഷയുടെ സ്വത്വത്തെ അടയാളപ്പെടുത്തുന്നതാണ് അനുപ്രയോഗങ്ങൾ. ഏ.ആർ. അനുപ്രയോഗങ്ങളെ ഭേദകാനുപ്രയോഗം, കാലാനുപ്രയോഗം, പൂരണാനുപ്രയോഗം എന്നു മൂന്നായി തിരിക്കുന്നുണ്ട്. ഇതിൽ ഭേദകാനുപ്രയോഗമായി 'പെടുക' എന്ന ക്രിയയ്ക്ക് പ്രയോഗമുണ്ട്.

ഉദാ- വന്നപെട്ടു, ചെന്നപെട്ടു, എത്തപ്പെട്ടു

ശിക്ഷിക്കപ്പെട്ടു, ചെയ്യപ്പെട്ടു, കാണപ്പെട്ടു - തുടങ്ങിയ രൂപങ്ങളും ഒരർത്ഥത്തിൽ അനപ്രയോഗങ്ങളാണ്. ഇംഗ്ലീഷിൽ active voice-ഉം passive voice-ഉം ഉണ്ട്. സാധാരണ passive voice വാക്യങ്ങളിൽ ക്രിയചെയ്തത് ആരാണെന്ന പറയാറില്ല. ക്രിയചെയ്ത ആളിനേക്കാൾ ക്രിയയ്ക്കാണ് പ്രാധാന്യം. അങ്ങനെയുള്ള സന്ദർഭങ്ങളിലാണ് ഇംഗ്ലീഷിൽ passive voice പ്രയോഗിക്കുന്നത്. ചില സന്ദർഭങ്ങളിൽ ആരാണ് ക്രിയചെയ്തതെന്ന നമുക്കറിഞ്ഞുകൂടായിരിക്കും. ചിലപ്പോൾ ആരാണ് ക്രിയചെയ്തതെന്ന് അറിയാമെങ്കിലും അതിന പ്രസക്തി യില്ലാത്തതുകൊണ്ട് പറയുന്നില്ല. ഉദാഹരണമായി,

The thief was arrested
He has been taken to the court
He will be sent to jail
Latha's necklace was stolen

ഒന്നാമത്തെ വാക്യം നോക്കുക. അവിടെ കള്ളനെ അറസ്റ്റുചെയ്തു എന്നതാണ് പ്രധാനം. ആര് അറസ്റ്റുചെയ്തു എന്നതല്ല. ഇതുപോലെ മറ്റുള്ള വാക്യങ്ങളിലും കർത്താവിന് പ്രസക്തിയില്ല. മലയാളത്തിലും കർത്താവ് പ്രസക്തമല്ലാത്ത സന്ദർഭങ്ങളുണ്ട്. കർത്താവിന്റെ അപ്രസക്തിയെ കാണിക്കാൻ മലയാളത്തിലുള്ള ഒരു മാർഗ്ഗമാണ് 'പെടുക'യെ അനപ്രയോഗിക്കുക എന്നത്. ഉദാഹരണത്തിന്,

കുറ്റവാളി ശിക്ഷിക്കപ്പെട്ടു.
ചന്ദ്രൻ ആകാശത്ത് കാണപ്പെട്ടു.
കള്ളൻ അറസ്റ്റ് ചെയ്യപ്പെട്ടു.

ഇവിടെ കുറ്റവാളിയെ ആരു ശിക്ഷിച്ചു എന്നതോ, ചന്ദ്രനെ ആരു കണ്ടു എന്നതോ, കള്ളനെ ആര് അറസ്റ്റുചെയ്തു എന്നതോ പ്രസക്തമല്ല. ഈ വാക്യങ്ങളൊന്നും കർമ്മണിപ്രയോഗങ്ങളുമല്ല. കർത്താവിന്റെ പ്രാധാന്യമില്ലായ്മയെ കാണിക്കാൻ വാക്യത്തിന്റെ ഘടന തന്നെ മാറുകയാണ്. മാറിയ ഘടനയിൽ കർമ്മം കർത്തൃസ്ഥാനത്തേക്ക് വരുകയും സ്വാഭാവികമായി അതിന പ്രാധാന്യം ലഭിക്കുകയും ചെയ്യുന്ന എന്ന മാത്രം.

റബ്ബർ വിലയെടുക്കപ്പെട്ടും
കല്ലു കൊത്തിക്കൊട്ടുക്കപ്പെട്ടും

തുടങ്ങിയവയൊക്കെ ഉദാഹരണങ്ങളാണ്. ഇവിടെയൊന്നും 'പെടുക' പ്രയോഗി ക്കുന്നത് കർത്തരിയെ കർമ്മണിയാക്കാനുള്ള ഉപാധി എന്ന നിലയ്ക്കല്ല.

3.നാമധാതു ഉണ്ടാക്കാനുള്ള സഹായകക്രിയ എന്ന നിലയിൽ 'പെടുക'ക്ക് മലയാളത്തിൽ സ്വാഭാവികപ്രയോഗമുണ്ട്. നാമധാതു പ്രകരണത്തിൽ ഏ. ആറും ഇത് സൂചിപ്പിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| ഉദാ: | ഭയം | - | ഭയപ്പെടുക |
| | അകം | - | അകപ്പെടുക |
| | അസൂയ | - | അസൂയപ്പെടുക |

4. ക്രിയാരൂപങ്ങൾ ഇല്ലാതായിട്ട് പേരെച്ചരൂപത്തിൽമാത്രം ശേഷിക്കുന്നവ എന്ന നിലയിലും 'പെടുക'യ്ക്ക് മലയാളത്തിൽ പ്രയോഗമുണ്ട്.

ഉദാ: പാവപ്പെട്ട, പ്രിയപ്പെട്ട, ബഹുമാനപ്പെട്ട, തങ്കപ്പെട്ട ഇങ്ങനെ പല തരത്തിലും സ്വാഭാവികമായ പ്രയോഗമാണ് മലയാളത്തിൽ പെടുകയ്ക്കുള്ളത്.

മലയാളത്തിലെ എല്ലാ കർത്തരിപ്രയോഗങ്ങൾക്കും കർമ്മണി പ്രയോഗമുണ്ടെന്നുള്ള ധാരണയിൽ എല്ലാ ക്രിയകളോടും 'പെടുക'യെ ചേർത്ത് ബോധപൂർവ്വം കൃത്രിമമായി വാക്യസൃഷ്ടി നടത്തുന്നതുകൊണ്ടു മാത്രമാണ് 'പെടുക'പ്രയോഗങ്ങൾ അസ്വാഭാവികങ്ങളും കൃത്രിമങ്ങളുമായി അനുഭവപ്പെടുന്നത്.

മലയാളത്തിൽ കർമ്മണിപ്രയോഗങ്ങളുണ്ടോ എന്നതാണ് മറ്റൊരു പ്രശ്നം. യഥാർത്ഥത്തിൽ ഒരു വാക്യത്തിലെ കർമ്മകാരകത്തിന് പ്രാധാന്യം വരത്തക്ക രീതിയിൽ വാക്യം പ്രയോഗിക്കാൻ കഴിയും. മലയാളത്തിൽ അത്തരം പ്രയോഗങ്ങൾ ഉണ്ടുതാനും. സംസ്കൃതം, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിലെപ്പോലെ പ്രയോഗഭേദങ്ങളിൽ ക്രിയയ്ക്ക് രൂപഭേദം സംഭവിക്കണം എന്ന മുൻവിധിയാണ് ഇത്തരം പ്രയോഗങ്ങൾ വേണ്ട രീതിയിൽ ശ്രദ്ധിക്കാതെ പോയതിനുള്ള കാരണം. മലയാളത്തിൽ ഒരു വാക്യത്തിൽ വരുന്ന ഭിന്നകാരകങ്ങൾക്ക് പ്രാധാന്യംവരത്തക്കരീതിയിൽ വാക്യം പ്രയോഗിക്കുന്നതിന് ക്രിയയ്ക്ക് രൂപഭേദം വരുത്തണമെന്നില്ല. കുട്ടിക്കൃഷ്ണമാരാർ 'മലയാളശൈലി'യിൽ നൽകുന്ന ഒരു ഉദാഹരണം നോക്കുക:

'അച്ഛൻ എനിക്ക് ഇന്നലെ ഒരപ്പം തന്നു' ഈ വാക്യത്തെ
അച്ഛനാണ് എനിക്ക് ഇന്നലെ ഒരപ്പം തന്നത്.
അച്ഛൻ എനിക്കാണ് ഇന്നലെ ഒരപ്പം തന്നത്.
അച്ഛൻ എനിക്ക് ഇന്നലെയാണ് ഒരപ്പം തന്നത്.
അച്ഛൻ എനിക്ക് ഇന്നലെ ഒരപ്പമാണ് തന്നത്.
അച്ഛൻ എനിക്ക് ഇന്നലെ ഒരപ്പം തന്നതാണ്.

ഇങ്ങനെ വാക്യത്തിലെ ഓരോ ഘടകപദത്തോടും 'ആണ്'

പ്രയോഗിച്ചുകൊണ്ട് വ്യത്യസ്തകാരകങ്ങൾക്ക് പ്രാധാന്യം നൽകുന്നതാണ് ഒരു രീതി.

വാക്യത്തിലെ ഘടകപദങ്ങളോടൊപ്പം 'ഏ' എന്ന നിപാതം ചേർത്ത് വ്യത്യസ്തകാരകങ്ങൾക്ക് പ്രാധാന്യം നൽകുന്നതാണ് മറ്റൊരു രീതി.

ഉദാ- ' അമ്മ മകനെ സ്നേഹത്തോടെ തഴുകി' ഈ വാക്യത്തെ
അമ്മയേ മകനെ സ്നേഹത്തോടെ തഴുകുകയുള്ളൂ
അമ്മ മകനെയേ സ്നേഹത്തോടെ തഴുകുകയുള്ളൂ
അമ്മ മകനെ സ്നേഹത്തോടെയേ തഴുകുകയുള്ളൂ
അമ്മ മകനെ സ്നേഹത്തോടെ തഴുകുകയേയുള്ളൂ.

എന്നിങ്ങനെ വ്യത്യസ്ത കാരകങ്ങൾക്കു പ്രാധാന്യംനല്കി പ്രയോഗിക്കാം.

വാക്യത്തിൽ ഒന്നാംസ്ഥാനം കൊടുത്തും ഘടകപദങ്ങൾക്ക് ഊന്നൽ നൽകാം. സി.വി. വാസുദേവഭട്ടതിരി 'നല്ലമലയാള'ത്തിൽ കൊടുത്തിരിക്കുന്ന ഒരു ഉദാഹരണം നോക്കുക:

എല്ലൻ തടിയനെ ഒറ്റയടിക്ക് വീഴ്ത്തി.
തടിയനെ എല്ലൻ ഒറ്റയടിക്ക് വീഴ്ത്തി.
ഒറ്റയടിക്ക് എല്ലൻ തടിയനെ വീഴ്ത്തി.
വീഴ്ത്തിക്കളഞ്ഞു തടിയനെ എല്ലൻ ഒറ്റയടിക്ക്.

ആണ്/ഏ ചേർക്കുകയും വാക്യാദിയിൽ സ്ഥാനം നൽകുകയും ഒരേസമയം ചെയ്താൽ ഘടകപദങ്ങൾക്ക് കൂടുതൽ പ്രാധാന്യം ലഭിക്കും.

ഉദാ- എല്ലനാണ് തടിയനെ ഒറ്റയടിക്ക് വീഴ്ത്തിയത്.
തടിയനെയാണ് എല്ലൻ ഒറ്റയടിക്ക് വീഴ്ത്തിയത്.
ഒറ്റയടിക്കാണ് എല്ലൻ തടിയനെ വീഴ്ത്തിയത്.

ഇത്തരത്തിൽ കർത്താവിനും കർമ്മത്തിനും മാത്രമല്ല ഏതൊരു കാരകത്തിനും പ്രാധാന്യംവരത്തക്കരീതിയിലുള്ള പ്രയോഗവിശേഷങ്ങൾ മലയാളത്തിലുണ്ട് എന്നതാണ് വസ്തുത. ചുരുക്കത്തിൽ, മലയാളഭാഷയിൽ വളരെ സ്വാഭാവികവും മൗലികവും അകൃത്രിമവുമായ രീതിയിൽ 'പെടുക' അനുപ്രയോഗിക്കുന്നുണ്ട്. അവ വ്യത്യസ്തഭാഷാധർമ്മങ്ങൾ നിറവേറ്റുന്നതോടൊപ്പം ഭാഷയുടെ സൗന്ദര്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. മറ്റൊരു വസ്തുത, ഭാഷയ്ക്ക് തനതായ ഭിന്നകാരകാർത്ഥപ്രയോഗങ്ങളുണ്ട്. മലയാളഭാഷയുടെ സ്വത്വനിർമ്മിതിയിൽ ഇത്തരം പ്രയോഗസവിശേഷതകൾക്കുള്ള പങ്ക് വളരെ വലുതാണ്. അവ പ്രത്യേകം പഠനം അർഹിക്കുന്നുമുണ്ട്

## സഹായക ഗ്രന്ഥങ്ങൾ

1. ഏ.ആർ. രാജരാജ വർമ്മ,കേരള പാണിനീയം, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 1986.
2. ടി സാഹിത്യ സാഹ്യം, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 1989.
3. കുട്ടിക്കൃഷ്ണമാരാര്, ഭാഷാപരിചയം, പി. കെ. ബ്രദേഴ്സ്, കോഴിക്കോട്, 1990.
4. ടി മലയാള ശൈലി, മാരാർ സാഹിത്യ പ്രകാശം, കോഴിക്കോട്, 1996.
5. സി. കെ. ചന്ദ്രശേഖരൻ നായർ, പഠനങ്ങൾ, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 1972.
6. ഫാദർ ജോൺ കുന്നപ്പള്ളി, ശബ്ദസൗഭഗം, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 1986.
7. സി. വി. വാസുദേവഭട്ടതിരി, അഭിനവമലയാളവ്യാകരണം, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 1999.
8. ടി. നല്ല മലയാളം, ഡി. സി. ബുക്സ്, കോട്ടയം, 1999.